സംഘടിതമായ ഒരു ശ്രമമാണ് നടന്നത്. അത് മുഖ്യമന്ത്രിയുടെ മണ്ഡലത്തിലാണ്. ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെ വിശദീകരിക്കുന്നതിനിടയിൽ കേരള സർക്കാർ മത മൗലിക വാദികളുടെ സമ്മർദ്ദത്തിനു വഴങ്ങുന്നതിനെപ്പറ്റി പറയാൻ തുടങ്ങുമ്പോഴാണ് മുൻകൂട്ടി ആസൂത്രണം ചെയ്ത കടന്നാക്രമണമുണ്ടായത്. പോലീസ് ഇടപെട്ട് പ്രാസംഗികനെ കസ്റ്റഡിയിലെടുക്കുകയും യോഗം അലങ്കോലപ്പെടുത്തുകയും ചെയ്തു. മാളനിയോജകമണ്ഡലത്തിൽ കോൺഗ്രസ് (ഐ) ക്കാരുടെ നേതൃത്വത്തിൽ നടന്ന ഈ സംഭവം സംഘടിതമായ ഗൂഢാലോചനയുടെ ഭാഗമാണെന്ന് വ്യക്തമാണ്. പൗരസ്വാതന്ത്ര്യത്തിനെതിരായ ഈ നടപടിയെപ്പറ്റി മുഖ്യമന്ത്രിയ്ക്ക് എന്താണ് പറയാനുള്ളതെന്ന് അറിഞ്ഞാൽ കൊള്ളാം. തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന കാലഘട്ടത്തിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനെതിരെ കയ്യോറത്തിനാണ് ഭാവമെങ്കിൽ അത് ഗുരുതരമായ പ്രത്യാഘാതത്തിനിടയാകുമെന്ന് മുന്നറിയിപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്നേ ദിവസം ഞങ്ങളുടെ യോഗം കലക്കിയെങ്കിലും 21-ാം തീയതി ഇതിനെതിരായി ഞങ്ങൾ ഒരു യോഗം വച്ചിരിക്കുകയാണ്. ധൈര്യമുണ്ടെങ്കിൽ മുഖ്യമന്ത്രിയോ മുഖ്യമന്ത്രിയുടെ പാർട്ടിക്കാരോ വരട്ടെ, ഞാൻ വെല്ലുവിളി നടത്താൻ ആഗ്രഹിക്കുകയാണ്. ഇതിനെതിരായി അന്വേഷണം നടത്തണം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, എ. ഐ. വൈ എഫിന്റെ സെക്രട്ടേറിയറ്റ് മാർച്ചിന്റെ സമാപനം കുറിച്ചുകൊണ്ട് മാളടൗണിൽ പ്രകടനവും പൊതുയോഗവും 15-1-1986-ന് വൈകുന്നേരമുണ്ടായിരുന്നു. പൊതുയോഗത്തിൽ അന്നമട പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കെ. വി. വസന്തകുമാർ ആയിരുന്നു അദ്ധ്യക്ഷൻ. ഒരു പ്രാസംഗികനായ കൃഷ്ണൻ കണിയാംപറമ്പിൽ പ്രസംഗിച്ച കൂട്ടത്തിൽ "കൃസ്തുവിന്റെ ആറാം തീരുമുറിവ്" എന്ന നാടകം നിരോധിച്ചത് ശരിയായില്ലായെന്നും മറ്റും വിമർശിച്ച് സംസാരിക്കാൻ തുടങ്ങി. ഇത് കേട്ട് ഉദ്ദേശം ഇരുനൂറ്റി അൻപതോളം ക്രിസ്തീയ മതവിഭാഗത്തിൽപ്പെട്ട ആളുകൾ കൂടുകയും യോഗം അലങ്കോലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. യോഗത്തിൽ ബഹളം നടക്കുന്നതായി അറിഞ്ഞ് മാള എ. എസ്. ഐ. യും പാർട്ടിയും സ്ഥലത്ത് എത്തുകയും ക്രിസ്ത്യാനികളെ പറഞ്ഞ് സമാധാനപ്പെടുത്തുകയും കൃഷ്ണനെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടു വരികയും ചെയ്തു. കൃഷ്ണൻ സ്വമേധയാ സ്റ്റേഷനിൽ പോലീസിന്റെ കൂടെ വന്നു എന്നാണ് അറിയുന്നത്. കൃഷ്ണനെ പോലീസ് കൂട്ടിക്കൊണ്ടു വന്നതോടെ യോഗം പിരിച്ചു വിടുകയും എല്ലാവരും സമാധാനപരമായി പിരിഞ്ഞു പോകുകയും ചെയ്തു. യോഗത്തിൽ സമാധാനലംഘനം ഉണ്ടായിരിക്കുന്നതായി അറിഞ്ഞ് കൃഷ്ണന്റെ രക്ഷയ്ക്കുവേണ്ടിയാണ് കൃഷ്ണനെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുപോയത്. എട്ടു മണിയോടുകൂടി മറ്റു സി. പി. ഐ. പ്രവർത്തകർ വന്ന് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോവുകയുണ്ടായി.

(4) ചടയമംഗലം നിയോജകമണ്ഡലത്തിലെ പി. ഡബ്ലിയു. ഡി. റോഡുകളുടെ പണിയിലുള്ള സ്തംഭനാവസ്ഥ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ടു മൂന്നു പ്രധാനപ്പെട്ട പി. ഡബ്ലി. യു. ഡി. റോഡുകളുടെ പണി കഴിഞ്ഞ് രണ്ടു വർഷമായി സ്തംഭനത്തിലാണ്. വയല-മഞ്ഞപ്പാറ, വയല-കുറ്റിക്കാട്, ഓയൂർ വാപ്പാല എന്നീ മൂന്നു പ്രധാന റോഡുകളുടെ പണി കഴിഞ്ഞ രണ്ടു വർഷമായി സ്തംഭനത്തിലാണ്. ഈ റോഡുകളുടെ പണ

LIBRARY ARCHIVES Kerala Legislative Assembly

ഏറെറടുത്തിട്ടുള്ള കോൺട്രാക്ടർമാരും അതുപോലെ തന്നെ ഈ പണി നിശ്ചിത കാലപരിധിക്കുള്ളിൽ തീർക്കേണ്ടതിന് മുൻകൈ എടുക്കേണ്ട ഉദ്യോഗസ്ഥൻമാരും ചേർന്ന് പണി സ്തംഭനത്തിലിടുകയാണ് ചെയ്യുന്നത്. അവർക്ക് രണ്ടു കൂട്ടർക്കുമുള്ള സാമ്പത്തിക ലാഭത്തിനു വേണ്ടിയുള്ള ഗൂഢമായ പ്രവർത്തനങ്ങളാണ് ആകെ ഈ പ്രവർത്തനങ്ങളുടെ പേരിൽ നടക്കുന്നത്. ഈ കോൺട്രാക്ടർമാർ ഏറെറടുക്കുന്ന പണികൾ കാലപരിധിയ്ക്കുള്ളിൽ തീർക്കുന്ന കാര്യത്തിൽ കുറച്ച് കർശനമായ ഒരു നിലപാട് ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് സ്വീകരിച്ചാൽ മാത്രമേ ഇത്തരം പ്രധാനപ്പെട്ട റോഡുകളുടെ പണികൾ ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ, അധികം കടന്നു പോകാതെയെങ്കിലും തീർക്കാൻ കഴിയുകയുള്ളു. ലാഭമുള്ള ഭാഗത്തെ പണികൾ തീർക്കുകയും ലാഭം കുറവു വരുന്ന പാലത്തിൻറെയും മറ്റും പണികൾ സ്തംഭനത്തിലിട്ട് നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സമീപനമാണുള്ളത്. തീർച്ചയായും ഈ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും കോൺട്രക്ടർമാരും ചേർന്ന് അവരുടെ സാമ്പത്തികമായ ലാഭത്തിനു വേണ്ടി ലക്ഷ്യം വച്ചുകൊണ്ടുള്ള ചില പ്രവർത്തനങ്ങളാണ് നടത്തുന്നത്, എൻറെ നിയോജക മണ്ഡലത്തിൽ മാത്രമല്ല പലയിടത്തും നടക്കുന്ന പണികളുടെ പ്രവർത്തനം സ്തംഭനത്തിലാണ്. അതുകൊണ്ട് ഒരു കാലപരിധിയ്ക്കുള്ളിൽ ഈ പണികൾ തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടിനഹ) : സർ, നമ്മുടെ കരാർ വ്യവസ്ഥയനുസരിച്ച് ലോവസ്റ്റ് ടെൻററുകാരനാണ് മാത്രമേ കൊടുക്കാൻ പാടുള്ളുവെന്ന് നേരത്തെ തന്നെ ഞാൻ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു. അതുകൊണ്ട് പല വിഷമങ്ങളുമുണ്ട്. കരാറുകാരൻ അവനു ലാഭമുള്ള വർക്ക് ചെയ്തിട്ട് വിട്ടിട്ടുപോകും. പിന്നീട് ഗവൺമെൻറ് കർശനമായ നടപടിയെടുത്തെങ്കിൽ മാത്രമേ ഈ പണി പുരോഗമിപ്പിക്കാൻ സാധിക്കുകയുള്ളു. നാൽപ്പതുലക്ഷത്തി എഴുപതിനായിരം രൂപ ചെലവു വരുന്ന റായൂർ-വാപ്പാല റോഡിനു 16-6-1981-ലാണ് ഭരണാനുമതി നൽകിയത്. 19-9-1983-ൽ പണി പൂർത്തിയാക്കണമെന്നായിരുന്നു കണ്ടിഷൻ. അതിനു ചില പ്രാരംഭ തടസ്സങ്ങളുണ്ടായി. ഇലക്ട്രിക് പോസ്റ്റുകൾ നീക്കാൻ താമസം വന്നു. അതുപ്രകാരം കാലാവധിയ്ക്കു മുമ്പ് പണി തീർക്കാൻ സാധിയ്ക്കാത്തതുകൊണ്ട് ആ കരാറുകാരനു സമയം 31-3-1987 വരെ നീട്ടികൊടുത്തു. ആ പണി ഇപ്പോൾ മന്ദഗതിയിലാണ് എന്നാണ് അറിയുന്നത്. ആ പണി നിശ്ചിത കാലാവധിയ്ക്കുള്ളിൽ തീർക്കാൻ കഴിയുമോ എന്നുള്ള കാര്യം കർശനമായി അന്വേഷിക്കുന്നതാണ്. വയലാ-കുറിക്കാട് റോഡിനു പതിനഞ്ചു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. 1981-ൽ അനുമതി നൽകി. 1984-ൽ പണി തീർക്കണമെന്നായിരുന്നു കണ്ടിഷൻ. അതും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപ്പോലെ 50% വർക്കു ചെയ്തിട്ട് ഇട്ടിട്ടുപോയി. ഈ കരാറുക്കാരനെ ഒഴിവാക്കി അദ്ദേഹത്തിൻറെ റിസ്ക് ആൻറ് കോസ്റ്റിൽ ടെൻറർ വിളിച്ചിരിക്കുകയാണ്. വയലാ-മഞ്ഞപ്പാറ റോഡിനു ഏഴുലക്ഷത്തി എഴുപതിനായിരം രൂപയുടെ വർക്കിനു 1977-ൽ ഭരണാനുമതി നൽകിയതാണ്. 1980-ൽ പണി പൂർത്തിയാക്കണമെന്നായിരുന്നു നിബന്ധന.പക്ഷെ ആ നിബന്ധനയനുസരിച്ച് പണി തീർക്കാത്തതുകൊണ്ട് അദ്ദേഹത്തെ അദ്ദേഹത്തിൻറെ റിസ്ക് ആൻറ് കോസ്റ്റിൽ നിന്നു ഒഴിവാക്കാൻ തീരുമാനിച്ചു. പക്ഷെ വീണ്ടും ഞാൻ തന്നെ ആ വർക്ക് എടുത്തുകൊള്ളാമെന്നു പറഞ്ഞുകൊണ്ട് രണ്ടാമതും ഡിപ്പാർട്ടുമെൻറിനെ സമീപിച്ചതിൻറെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ തന്നെ ആ പണി ഏൽപ്പിച്ചിട്ടുണ്ട്. ആ പണി നിശ്ചിത സമയത്തിനകം പൂർത്തിയാകുമെന്നാണ് വിശ്വസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly